**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **03-03-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ആകെയും കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴയിൽനിന്ന് പ്രത്യേകിച്ചും സംഭരിച്ച നെല്ലിന്റെ അളവ്, കർഷകർക്ക് നൽകിയ വില, കൃഷിയിറക്കിയ ഭൂമിയുടെ അളവ് എന്നിവയുടെ വിശദാംശങ്ങൾ 2011-2016 കാലയളവിലേയും 2016 മുതൽ 2024 വരെ ഓരോ വർഷത്തേയും വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ; | (എ) | സപ്ലൈകോ നെല്ല് സംഭരിക്കുന്നത് നെല്ല് സംഭരണ വർഷ കലണ്ടർ അടിസ്ഥാനമാക്കിയാണ്. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകർ മുഖേന സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിശദമാക്കുമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. സർക്കാരിൽനിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾമുഖേന പി.ആർ.എസ് (PRS- Paddy Receipt Sheet) വായ്പ പദ്ധതി മുഖാന്തിരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. സാധാരണഗതിയിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മുഴുവനായി മേൽ പ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. 2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച്** |

| | | | |
|---|---|---|---|
| | | | വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി. ആർ.എസ്. പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ കർഷകർക്ക് തുകകൾ കിട്ടുന്നതിൽ പ്രതിസന്ധികൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം സമയബന്ധിതമായി ആയതിൽ ഇടപെട്ട് അത്തരം പ്രതിസന്ധികൾ പരിഹരിക്കാറുള്ളതാണ്. 2024-25 സീസണിൽ 20.02.2025 തീയതിവരെ 64,715 കർഷകരിൽ നിന്ന് 1.61 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ വില 456.05 കോടി രൂപയാണ്. ടി തുകയിൽ 44,179 കർഷകർക്ക് 314.48 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക കർഷകർക്ക് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl. No. | KMS Year | Paddy Procured (LMT) | Cost (Cr) | Area in hectare | Paddy Proc Alappuzha (LMT) | Cost of Paddy in Cr (Alappuzha) | Area in hectare (Alappuzha) |
|---|---|---|---|---|---|---|---|
| 1 | 2011-12 | 5.61 | 841.28 | 112111.33 | 1.67 | 250.25 | 32182.26 |
| 2 | 2012-13 | 3.58 | 609.40 | 81588.02 | 1.47 | 249.88 | 32114.84 |
| 3 | 2013-14 | 5.36 | 1004.05 | 109962.98 | 1.58 | 297.52 | 33018.99 |
| 4 | 2014-15 | 5.50 | 1045.11 | 135925.35 | 1.56 | 296.86 | 37993.74 |
| 5 | 2015-16 | 5.62 | 1208.06 | 118222.18 | 1.57 | 336.84 | 33576.75 |
| 6 | 2016-17 | 4.53 | 1018.82 | 94045.71 | 1.66 | 373.90 | 32485.89 |
| 7 | 2017-18 | 4.84 | 1128.80 | 124612.94 | 1.53 | 357.35 | 50749.49 |
| 8 | 2018-19 | 6.94 | 1755.34 | 137230.43 | 1.94 | 490.65 | 41813.3 |
| 9 | 2019-20 | 7.09 | 1911.82 | 174617.94 | 1.75 | 472.33 | 59237.24 |
| 10 | 2020-21 | 7.65 | 2101.91 | 190959.36 | 1.60 | 439.05 | 60302.47 |
| 11 | 2021-22 | 7.48 | 2104.51 | 184838.32 | 1.45 | 407.73 | 57749.48 |
| 12 | 2022-23 | 7.31 | 2070.71 | 182919.00 | 1.69 | 478.91 | 62046.69 |
| 13 | 2023-24 | 5.59 | 1584.11 | 170994.64 | 1.60 | 453.84 | 74905.06 |